**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5969** **16-03-2023 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2022 സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെ ലഹരി ഉപയോഗം, ലഹരിക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഇനം/ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ജില്ല ലഹരി ഉപയോഗവുമായിബന്ധപ്പെട്ട കേസ്സുകൾ ലഹരിക്കടത്തുമായിബന്ധപ്പെട്ട കേസ്സുകൾ<br><br>തിരുവനന്തപുരം 3 134<br><br>കൊല്ലം 5 126<br><br>പത്തനംതിട്ട 3 96<br><br>ആലപ്പുഴ 11 124<br><br>കോട്ടയം 0 123<br><br>ഇടുക്കി 0 60<br><br>എറണാകുളം 53 107<br><br>തൃശ്ശൂർ 151 10<br><br>പാലക്കാട് 3 79<br><br>മലപ്പുറം 8 74<br><br>കോഴിക്കോട് 2 83<br><br>വയനാട് 1 89<br><br>കണ്ണൂർ 28 82<br><br>കാസർഗോഡ് 0 29 |
| (ബി) | യുവാക്കൾക്കിടയിലെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനായി കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | യുവാക്കൾക്കിടയിലെ ലഹരി ഉപയോഗത്തിന്റെ കാരണങ്ങളും അതിനുള്ള പ്രതിവിധികളും കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പ് ഒരു സർവ്വെ നടത്തിയിട്ടുള്ളതാണ്. എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെപ്രായമുള്ളവരിലും, വിമുക്തിയുടെ ജില്ലാതല ഡി-അഡിക്ഷൻ ചികിത്സ കേന്ദ്രങ്ങളിലും, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മേഖല |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ് കേന്ദ്രങ്ങളിലും ചികിത്സാർത്ഥം എത്തപ്പെട്ട കൗമാരക്കാരിലുമാണ് സർവ്വെ നടത്തിയത്. |
| (സി) | വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിക്കുന്നത് തടയുന്നതിനായി എക്സൈസിന്റെ വിവിധ എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. പോലീസ്, ആർ.പി.എഫ്, NCB, ഫുഡ് ആന്റ് സേഫ്റ്റി, ഡ്രഗ്സ് കൺട്രോൾ, ആരോഗ്യം, വനം, റവന്യൂ, മറ്റ് കേന്ദ്ര ഏജൻസികൾ എന്നിവരുമായി ചേർന്ന് നടത്തിവരുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.<br><br>ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരുടെ മൊബൈൽ ഫോണുകൾ പരിശോധിച്ചും കാൾ ഡീറ്റയിൽസ് ശേഖരിച്ചും ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചും ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനും മുൻ കേസ് വിവരങ്ങൾ ശേഖരിക്കുന്നതിനും സൈബർ യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് വരുന്നു. മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെടുന്ന ആളുകൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ PIT NDPS Act 1985 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്താകെ പ്രതികളുടെ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന സ്ഥിരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാൻ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാനസ്വഭാവത്തിലുള്ള മറ്റൊരു കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. |
| (ഡി) | മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ഡി) | മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ലഹരിയ്ക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള സന്ദേശങ്ങളും വാർത്തകളും തയ്യാറാക്കി പ്രചരിപ്പിച്ചുവരുന്നു. ലഹരിയുടെ |

| | | | |
|---|---|---|---|
| | | | ദൂഷ്യവശങ്ങൾ സംബന്ധിച്ച പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി നവമാധ്യമങ്ങളായ ഫെയ്സ് ബുക്ക്, വാട്സ് ആപ്പ്, യൂട്യൂബ്, ടിറ്റർ, ഇൻസ്റ്റഗ്രാം എന്നിവയിലൂടെ പ്രചരിപ്പിക്കുന്നതോടൊപ്പം ലഹരി വിരുദ്ധ ബോധവത്ക്കരണവുമായി ബന്ധപ്പെട്ട വീഡിയോകളും തയ്യാറാക്കി പ്രചരിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ